അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ

80 [5740] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. പി. സ്കൂളുകളിൽ മാറ്റം വരുത്തിയ പാഠ്യ വിഷയങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര അദ്ധ്യാപകർക്ക് ഇങ്ങനെ പരിശീലനം നൽകി; എന്നുമുതൽക്കാണ് പരിശീലന പരിപാടി ആരംഭിച്ചത്;

(സി) കോഴിക്കോട് ജില്ലയിൽ എത്ര അദ്ധ്യാപകർക്ക് ഇപ്രകാരം പരിശീലനം നൽകി; ഇത്തരം പരിശീലന പരിപാടി നടത്താൻ വൈകുന്നതും സ്കൂളുകൾ തുറന്ന ശേഷം നടത്തുന്നതും അദ്ധ്യയനം മുടങ്ങാൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പരിശീലന പരിപാടികൾ മദ്ധ്യവേനലവധിയിൽ തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശീലനം നൽകി വരുന്നു.

(ബി) ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പതിനാലു ജില്ലകളിലും പരിശീലനം നൽകാൻ (എസ്. എസ്. എ. പദ്ധതി പ്രകാരം) നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശീലന പരിപാടിയുടെ കോർ ഗ്രൂപ്പ് പരിശീലനം, റിസോഴ്സ് ഗ്രൂപ്പ് പരിശീലനം ജൂൺ മാസം, ജൂലൈ ആദ്യ ആഴ്ച എന്നീ പിരീഡുകളിൽ നടത്തി. തുടർന്ന് അദ്ധ്യാപക പരിശീലന പരിപാടി നടന്നു വരുന്നു. ജില്ല തിരിച്ചുള്ള ട്രെയിനിംഗ് ലഭിച്ച അദ്ധ്യാപകരുടെ കണക്ക് ശേഖരിച്ചു വരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ഇപ്രകാരം പരിശീലനം നൽകിയ അദ്ധ്യാപകരുടെ എണ്ണം 3796 ആണ്. പരിശീലന പരിപാടികൾ പൂർത്തിയാകാറായ സ്ഥിതിക്ക് അദ്ധ്യാപനം താളംതെറ്റുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്.

(ഡി) വെക്കേഷൻ കാലത്തുതന്നെ ഇത്തരം പരിശീലനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സഹകാര്യ-എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം

81 [5741] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly